# വൈദികപരിശീലനത്തെ സംബന്ധിക്കുന്ന ഡിക്രി

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

**ആമുഖം**

കൗൺസിൽ പ്രമാണരേഖകളിൽ ഡിക്രികളുടെ ഗണത്തിലെ അഞ്ചാമത്തേതാണ് വൈദികപരിശീലനം സംബന്ധിച്ച ഡിക്രി. 1965 ഒക്ടോബർ 28-ാം തീയതി ഈ രേഖ ഔദ്യോഗികമായി ഒപ്പുവച്ചു. ഒപ്താത്താം തോസിയൂസ് (optatam Totius = സഭ മുഴുവന്റെയും ആഗ്രഹം) എന്നതാണ് ഈ ഡിക്രിയുടെ ഔദ്യോഗിക ലത്തീൻപേര്. വൈദികപരിശീലനവുമായി ബന്ധപ്പെട്ടു വിവിധ തലങ്ങളിൽ ഉണ്ടാകേണ്ട നവീകരണം സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഈ രേഖ നല്കുന്നത്. കൗൺസിൽ വിഭാവനം ചെയ്ത സഭ മുഴുവന്റെയും നവീകരണം ഒരു പരിധിവരെ വൈദികരെയും അവർക്കു ലഭിക്കുന്ന ഉത്തമപരിശീലനത്തേയും ആശ്രയിച്ചാണിരിക്കുന്നതെന്ന തിരിച്ചറിവാണ് ഈ രേഖയുടെ പിന്നിലുള്ളത്.

**പ്രധാന ചിന്തകൾ**

**1. വൈദിക ദൈവവിളി പ്രോത്സാഹനം സഭാസമൂഹം മുഴുവന്റെയും കടമ:**

വൈദികാന്തസ്സിലേക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ട കടമ സഭാസമൂഹം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു എന്ന് ഈ ഡിക്രിയുടെ ആരംഭഭാഗത്തു തന്നെ കൗൺസിൽ പിതാക്കന്മാർ എടുത്തുപറയുന്നുണ്ട്. സഭ ഈ കടമ നിർവ്വഹിക്കേണ്ടത് പ്രധാനമായും ഉത്തമമായ ക്രൈസ്തവജീവിതം വഴിയാണെന്നും കുടുംബങ്ങളും ഇടവകകളുമാണ് ഇതിൽ ഏറ്റവുമധികം സഹകരിക്കേണ്ടത് എന്നും ഈ രേഖ സൂചിപ്പിക്കുന്നു. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഭക്തിയുടെയും ചൈതന്യം തുളുമ്പിനില്ക്കുന്ന കുടുംബങ്ങൾ തന്നെയാണ് പ്രഥമ സെമിനാരി. കുടുംബങ്ങളിൽ ലഭിക്കുന്ന വിശ്വാസപരിശീലനം ഇടവകയിൽ തുടരുന്നു. ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ മെത്രാന്മാരും വൈദികരും സന്യസ്തരും അദ്ധ്യാപകരും യുവജനങ്ങളുടെ ശുശ്രൂഷയുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാവരും പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് രേഖ ഓർമ്മിപ്പിക്കുന്നു. തീക്ഷ്ണമായ പ്രാർത്ഥനയും ക്രിസ്തീയ തപശ്ചര്യയും ദൈവവിളിപ്രോത്സാഹനത്തിനുള്ള പരമപ്രധാനവും പരമ്പരാഗതവുമായ മാർഗ്ഗങ്ങളായി ഈ രേഖയിൽ എടുത്തുപറയുന്നുണ്ട്.

**2. വൈദികപരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ**

മൈനർ സെമിനാരി, മേജർ സെമിനാരി എന്നീ രണ്ടു ഘട്ടങ്ങളാണ് വൈദികപരിശീലനത്തിൽ പ്രധാനമായിട്ടുള്ളത്. മുളയെടുത്തുവരുന്ന വൈദികദൈവ വിളിയെ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുകയാണ് മൈനർ സെമിനാരിയുടെ ഉദ്ദേശ്യം. മാതാപിതാക്കളുടെ സഹകരണത്തോടെ അധികാരികളുടെ പൈതൃകനിയന്ത്രണത്തിൻ കീഴിൽ ഉദാരഹൃദയത്തോടും നിർമ്മലമനഃസാക്ഷിയോടും കൂടെ ഈശോയെ പിൻചെല്ലാൻ ഈ കാലഘട്ടത്തിൽ കുട്ടികൾക്കു ശിക്ഷണം നല്കുന്നു. ഇതിന്റെ തുടർച്ചയാണ് മേജർ സെമിനാരിയിൽ നല്കപ്പെടുന്നത്. ഉത്തമന്മാരായ അജപാലകരെ ഗുരുവും പുരോഹിതനും അജപാലകനുമായ ഈശോമിശിഹായുടെ മാതൃകയിൽ രൂപവത്കരിക്കുക എന്നതാണ് മേജർ സെമിനാരികളിൽ നല്കപ്പെടുന്ന പരിശീലനത്തിന്റെ ഉദ്ദേശ്യം. തത്ത്വശാസ്ത്രവും ഇതരഭൗതികശാസ്ത്രങ്ങളും ഭാഷകളും തുടർന്ന് ദൈവശാസ്ത്രവും മേജർ സെമിനാരിയിൽ പഠനവിഷയങ്ങളാകുന്നു. വൈദികപരിശീലന കാലഘട്ടത്തിൽ വൈദികാർത്ഥികളുടെ പ്രാപ്തിയും ഉദ്ദേശ്യശുദ്ധിയും നന്നായി പരിശോധിക്കേണ്ടതുണ്ട്. ഇതിന് ഉപയുക്തമാകുന്ന രീതിയിൽ അനുകൂലമായ എല്ലാ അവസരങ്ങളും നല്ല പരിശീലകരെയും അദ്ധ്യാപകരെയും വൈദികവിദ്യാർത്ഥികൾക്കു നല്കണമെന്ന് ഈ പ്രമാണരേഖ നിർദ്ദേശിക്കുന്നുണ്ട്. പ്രായോഗിക പരിശീലനത്തിനും അജപാലകപരിശീലനത്തിനും സെമിനാരി ജീവിതകാലത്ത് അവസരങ്ങൾ നന്നായി നല്കണമെന്നും ഈ രേഖ അനുശാസിക്കുന്നു.

**3. വൈദികപരിശീലനത്തിന്റെ വിവിധ തലങ്ങൾ**

മാനുഷികവും ആത്മീയവും ബൗദ്ധികവും അജപാലനപരവുമായ തലങ്ങളിൽ സമഗ്രമായ ഒരു പരിശീലനമാണ് പരിശീലനകാലഘട്ടത്തിൽ നല്കേണ്ടത്. എങ്കിലും ആത്മീയരൂപവൽക്കരണത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്നും ഈ രേഖ അനുസ്മരിപ്പിക്കുന്നുണ്ട്. പരിശുദ്ധാരൂപിയിൽ ഈശോമിശിഹാവഴി പിതാവുമായി അവഗാഢവും സ്ഥിരവുമായ സഖിത്വത്തിൽ ജീവിക്കുവാൻ പരിശീലിപ്പിക്കുന്ന ആദ്ധ്യാത്മികരൂപവത്കരണമാണ് ആത്മീയനിയന്താവിന്റെ സഹായത്തോടെ നൽകേണ്ടത്. ദൈവവചനത്തെക്കുറിച്ചുള്ള വിശ്വാസപൂർവ്വകമായ പരിചിന്തനം വഴിയും സഭയുടെ വിശുദ്ധരഹസ്യങ്ങളിൽ പ്രത്യേകിച്ച് വി. കുർബാനയിലും യാമപ്രാർത്ഥനകളിലുമുള്ള സജീവഭാഗഭാഗിത്വം വഴിയും മിശിഹായെ അനുഭവിച്ചറിയുവാൻ വൈദികവിദ്യാർത്ഥികൾ പരിശീലിപ്പിക്കപ്പെടണം. പരി. അമ്മയോടുള്ള പുത്രനിർവ്വിശേഷമായ സ്നേഹവും തിരുസഭയോടുള്ള ആഭിമുഖ്യവും യുവവൈദികവിദ്യാർത്ഥികൾക്കു നന്നായി നല്കണം.

ചുരുക്കത്തിൽ ഭാവിയിൽ നടക്കുവാനിരിക്കുന്ന വൈദികജീവിതത്തിലേക്കുള്ള കാൽവയ്പായിട്ടുവേണം സെമിനാരി ജീവിതം കരുപ്പിടിക്കുവാൻ. ഉത്തമരായ അജപാലകരെ വാർത്തെടുക്കുന്ന പരിശീലനമാണ് സെമിനാരിയിൽ നല്കപ്പെടുന്നത്. പഠനാനന്തരപരിശീലനത്തെക്കുറിച്ചു കൂടി സൂചിപ്പിച്ചുകൊണ്ടാണ് ഈ ഡിക്രി സമാപിക്കുന്നത്. വൈദികപരിശീലനത്തോടു സമഗ്രവും അജപാലനോന്മുഖവുമായ ഒരു സമീപനമാണ് വത്തിക്കാൻ കൗൺസിൽ സ്വീകരിച്ചത്. കൗൺസിൽ വരച്ചുകാട്ടിയ ദർശനങ്ങളിലൂന്നിയ ഒരു പരിശീലനമാണ് സാർവ്വത്രികസഭ മുഴുവനിലും കേരളസഭയിലും നല്കപ്പെടുന്നത്. ഈശോയുടെ ഹൃദയത്തിനനുരൂപരായ നല്ല വൈദികരെ ലഭിക്കുവാൻ നമുക്കും നന്നായി പ്രാർത്ഥിക്കാം, സഹകരിക്കാം